തുഞ്ചത്ത് എഴുത്തച്ഛൻ
മലയാളസർവ്വകലാശാല

വാക്കാട് പോസ്റ്റ്, മലപ്പുറം – 676 502. ഫോൺ: 0494 2631230

തിയ്യതി : 14 –05–2024

നമ്പർ–1796/B–1/2024/അഡ്മിൻ

# അറിയിപ്പ് –2/2024

തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വകലാശാലയിലെ താഴെ പറയുന്ന വിവിധ സ്കൂളിലേക്ക് / വിഷയങ്ങളിലേക്ക് 2024–25 അധ്യയന വർഷത്തേക്ക് (31–03–2025 വരെ) അതിഥി അധ്യാപകരുടെ റാങ്ക് പട്ടിക *(ഒഴിവു വരുന്ന മുറക്ക് ആവശ്യാനുസാനരണം നിയമനം നടത്തുന്നതിലേക്കായി)* തയ്യാറാക്കുന്നതിനായി അപേക്ഷകൾ ക്ഷണിക്കുന്നു.

| ക്രമ നമ്പർ | പഠനസ്കൂൾ | വിഷയം |
|---|---|---|
| 1 | ഭാഷാശാസ്ത്രസ്കൂൾ | എം എ ഭാഷാശാസ്ത്രം |
| 2 | സാഹിത്യപഠനസ്കൂൾ | എം എ മലയാളം (സാഹിത്യപഠനം) |
| 3 | സംസ്കാരപൈതൃകപഠനസ്കൂൾ | എം എ മലയാളം (സംസ്കാരപൈതൃകം) |
| 4 | മാധ്യമപഠനസ്കൂൾ | എം എ ജേർണലിസം ആൻഡ് മാസ്സ് കമ്മ്യൂണിക്കേഷൻ |
| 5 | ചലച്ചിത്രപഠനസ്കൂൾ | എം എ ചലച്ചിത്രപഠനം |
| 6 | സോഷ്യോളജിസ്കൂൾ | എം എ സോഷ്യോളജി |
| 7 | ചരിത്രപഠനസ്കൂൾ | എം എ ചരിത്രപഠനം |
| 8 | വികസനപഠനസ്കൂൾ | എം എ വികസനപഠനവും തദ്ദേശവികസനവും |
| 9 | പരിസ്ഥിതിപഠനസ്കൂൾ | എം എ / എം എസ് സി പരിസ്ഥിതിപഠനം |
| 10 | എഴുത്തച്ഛൻപഠനസ്കൂൾ | എം എ താരതമ്യസാഹിത്യ –വിവർത്തനപഠനം |
| 11 | സാഹിത്യപഠനസ്കൂൾ/ സാഹിത്യരചനസ്കൂൾ | സംസ്കൃതം |
| 12 | നാല്യ വർഷ ബിരുദ കോഴ്സുകൾ | ഇംഗ്ലീഷ് |

| | |
|---|---|
| യോഗ്യത | • ബന്ധപ്പെട്ട വിഷയത്തിൽ 55% ത്തിൽ കുറയാത്ത മാർക്കോടു കൂടിയ ബിരുദാനന്തര ബിരുദവും NET അല്ലെങ്കിൽ യുജിസി നിർദ്ദേശിക്കുന്ന മറ്റു യോഗ്യതകളും.<br>• ഗവേഷണ ബിരുദമുള്ളവർക്ക് മുൻഗണന |
| പ്രായപരിധി | • 01–01–2024 ന് 50 വയസ്സ് കവിയരുത് (പട്ടികജാതി / പട്ടികവർഗ്ഗം /ഒ.ബി.സി വിഭാഗങ്ങൾക്ക് നിയമാനുസൃത ഇളവിന് അർഹതയുണ്ടായിരിക്കുന്നതാണ്) |

| | |
|---|---|
| വേതന നിരക്ക് | • പ്രതിമാസം 42,000/- രൂപ സഞ്ചിത വേതനം (ആഴ്ചയിൽ ചുരുങ്ങിയത് 16 മണിക്കൂർ ജോലിഭാരമുള്ള വിഷയങ്ങൾക്ക്)<br>• പ്രതിദിനം 1,750/- രൂപ ക്രമത്തിൽ ഒരു മാസം പരമാവധി 43,750/- രൂപ എന്ന ക്രമത്തിൽ (ആഴ്ചയിൽ 16 മണിക്കൂറിന് താഴെ ജോലിഭാരമുള്ള വിഷയങ്ങൾക്ക്) |
| അപേക്ഷിക്കേണ്ട രീതി | ഓൺലൈൻ വഴി (www.malayalamuniversity.edu.in) |
| അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന ദിവസം | 25-05-2024 |

- അർഹരായ ഉദ്യോഗാർത്ഥികൾ സർവകലാശാലയുടെ ഔദ്യോഗിക വെബ്സൈറ്റ് വഴി (www.malayalamuniversity.edu.in) അപേക്ഷകൾ ഓൺലൈൻ ആയി സമർപ്പിക്കേണ്ടതാണ്. അപേക്ഷകളുടെ പകർപ്പ് തപാൽ വഴി അയക്കേണ്ടതില്ല.
- നിയമനം സംവരണക്രമം പാലിച്ചുകൊണ്ടായിരിക്കും. സംവരണവിഭാഗത്തിലേക്ക് പരിഗണിക്കപ്പെടണമെങ്കിൽ ഉദ്യോഗാർത്ഥികൾ നിർബന്ധമായും ബന്ധപ്പെട്ട റവന്യൂ അധികാരികളിൽ നിന്നുള്ള നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് / ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
- അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള യോഗ്യത/പരിചയം/വയസ്സ്/ജാതി/സംവരണം എന്നിവ തെളിയിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റുകളും സ്കാൻ ചെയ്ത് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.
- പ്രസിദ്ധീകരണങ്ങളുടെ പ്രസക്തമായ വിവരങ്ങൾ *[ഐ.എസ്.ബി.എൻ / ഐ.എസ്.എസ്.എൻ / യുജിസി കെയർ ലിസ്റ്റിലുള്ളവ , പീർ റിവ്യൂഡ് എന്നീ വിവരങ്ങൾ ഉൾക്കൊള്ളുന്ന ]* പേജ് മാത്രമേ സ്കാൻ ചെയ്ത് അയക്കേണ്ടതുള്ളൂ.
- അപേക്ഷകരുടെ യോഗ്യതകൾ കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലയോ പി എസ് സി യോ അംഗീകരിച്ചതായിരിക്കണം. കേരളത്തിനു പുറത്തുള്ള സർവകലാശാലകളിൽ നിന്നും യോഗ്യത നേടിയിട്ടുള്ളവർ കേരളത്തിലെ ഏതെങ്കിലും സർവകലാശാലയിൽ നിന്നുള്ള തുല്യതാ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
- നിയമന പ്രക്രിയയുമായി ബന്ധപ്പെട്ട ആശയവിനിമയങ്ങൾ പൂർണ്ണമായും ഇമെയിൽ വഴിയായിരിക്കുമെന്നതിനാൽ ഉദ്യോഗാർത്ഥികൾ യഥാസമയങ്ങളിൽ അവരവരുടെ മെയിൽ പരിശോധിക്കേണ്ടതാണ്.

**ഒപ്പ്**
**പ്രൊഫ. (ഡോ) കെ എം ഭരതൻ**
**രജിസ്ട്രാർ ഇൻ ചാർജ്**

പകർപ്പ് - പി ആർ ഒ (പത്ര പ്രസിദ്ധീകരണത്തിലേക്കായി)